**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **11-10-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ എസ്.പി.വി. ആയി സംസ്ഥാന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് 20.09.2024-ലെ സ.ഉ.(സാധാ)നം.234/2024/S&YA പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പദ്ധതി പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനായി ടി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകളും കൈമാറി നൽകുന്നതിനായി പദ്ധതിയുടെ മുൻ എസ്.പി.വി ആയ M/s കിറ്റ്കോയ്ക്ക് കായിക യുവജനകാര്യ ഡയറക്ടറും സ്പോർട്സ് കേരള ഫൗണ്ടേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിനു ശേഷമേ സ്പോർട്സ് കേരള ഫൗണ്ടേഷന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ഈ പദ്ധതി എപ്പോൾ റീ-ടെണ്ടർ ചെയ്ത് പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | ടി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ M/s കിറ്റ്കോയിൽ നിന്നും ലഭിച്ച് പദ്ധതിയിലെ ഘടകങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച ശേഷം, ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായതിനു ശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ പ്രൊസീഡിയർ പ്രകാരം ടെണ്ടർ നടപടികളിലേക്ക് പോകുവാൻ ആദ്യം ഡി. പി. ആർ. സമർപ്പിക്കുകയും ആയതിനു അംഗീകാരം വാങ്ങുകയും, പി.ഇ.ഡി. (പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്) സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും, ചെയ്തതിനു ശേഷം മാത്രമേ പ്രവൃത്തിയുടെ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ